ച്ചിരിക്കുകയുമാണ്. പ്രസ്തുത പദ്ധതിയിൽ 4 മേഖലാ യൂണിറ്റും 24 ബേസ് സ്റ്റേഷനുമാണ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്. ഇതിനായി കെട്ടിടം, വാച്ച് ടവർ, ബോട്ട് ജെട്ടി എന്നിവ നിർമ്മിക്കുന്നതിനായി 528 ലക്ഷം രൂപയും ഉപകരണങ്ങൾ വാങ്ങുന്നതിനായി 7197.20 ലക്ഷം രൂപയും തസ്തികകൾ സൃഷ്ടിക്കുന്നതിനായി 1176.20 ലക്ഷം രൂപയും ചെലവു വരുമെന്ന് കണക്കാക്കുന്നു.

(ഇ) പദ്ധതി നിർദ്ദേശം കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്.

മയക്കുമരുന്ന് കച്ചവടം തടയുവാൻ നടപടി

*20 [320] ശ്രീ. എ. പി. അനിൽകുമാർ :
,, സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാന നഗരം മയക്കുമരുന്ന് കച്ചവടത്തിന്റെ കേന്ദ്രമായി മാറിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനെതിരെ എന്തു നടപടി സ്വീകരിച്ചു;

(സി) ഈ സാമ്പത്തിക വർഷത്തിൽ നർക്കോട്ടിക് സെൽ എത്ര റെയ്ഡു കളാണ് നടത്തിയത്;

(ഡി) ഇവയിൽനിന്ന് ആകെ എത്ര കിലോ മയക്കുമരുന്ന് പിടിച്ചെടുത്തിട്ടുണ്ട്;

(ഇ) എത്ര പേരുടെമേൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(എഫ്) മയക്കുമരുന്ന് കച്ചവടം തടയുവാൻ എന്തെല്ലാം നടപടികളെടുത്തു വെന്ന് വിശദമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) :

(എ) ഇല്ല. എന്നാൽ ഒറ്റപ്പെട്ട ചില ചില്ലറ മയക്കുമരുന്ന് വിൽപ്പന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവയ്ക്കെതിരെ ആവശ്യമായ നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഒറ്റപ്പെട്ട ചില്ലറ മയക്കുമരുന്ന് വിൽപ്പന നടക്കുന്നതായി ലഭിക്കുന്ന രഹസ്യവും അല്ലാതെയുമുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ റെയ്ഡുകൾ നടത്തി കുറ്റക്കാരെ കണ്ടെത്തി അറസ്റ്റു ചെയ്ത് കർശന നിയമനടപടി സ്വീകരിച്ചുവരുന്നു.

(സി) 2003-ലും 2004 നാളിതുവരെയുമായി 25 റെയ്ഡുകൾ.

(ഡി) തിരുവനന്തപുരം നർക്കോട്ടിക് സെൽ നടത്തിയ റെയ്ഡിൽ 9 കിലോ 150 ഗ്രാം കഞ്ചാവ് പിടിച്ചെടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) തിരുവനന്തപുരത്ത് സിറ്റിയിൽ മൂന്നു പേരുടെ പേരിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

1. കോവളം പി. എസ്. ക്രൈം. 165/03 പ്രതി നെല്ലിമൂട് സ്വദേശി രവീന്ദ്രൻ.

2. തിരുവല്ലം പി. എസ്. ക്രൈം. 4/04. പ്രതികൾ പൂങ്കുളം സ്വദേശി സുരേഷ്ബാബു, തിരുവല്ലം സ്വദേശി സാംബൻ.

(എഫ്) മയക്കുമരുന്ന് സൂക്ഷിച്ചിട്ടുള്ളതായി വിവരം ലഭിച്ചാൽ റെയ്ഡുകൾ നടത്തിയും വിൽപ്പനയ്ക്ക് സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ രഹസ്യ നിരീക്ഷണം നടത്തിയും, നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ മയക്കുമരുന്ന് കേസുകളിൽ അറസ്റ്റ് ചെയ്യുന്നവർക്കെതിരെ കർശന നിയമ നടപടി സ്വീകരിച്ചുപോരുന്നു.

പോലീസ് നിയമം ലംഘിച്ച് അരാജകത്വം വർദ്ധിപ്പിക്കുന്നത് തടയാൻ നടപടി

*21 [321] ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
,, കെ. എൻ. എ. ഖാദർ :
,, കെ. കുട്ടി അഹമ്മദ് കുട്ടി :
,, സി. ടി. അഹമ്മദ് അലി :
,, സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ നിയമപാലകരായ പോലീസുകാർ തന്നെ നിയമം ലംഘിച്ചാൽ അത് ഗൗരവപൂർവം കണക്കാക്കി ജനങ്ങൾക്ക് ഇതേ കുറ്റത്തിന് കൊടുക്കുന്ന ശിക്ഷയേക്കാളും മുന്നിരട്ടി ശിക്ഷ നൽകാൻ നിലവിലുള്ള നിയമം ഭേദഗതി ചെയ്യുന്നതിന് ആലോചനയുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത്യന്തം ഗൗരവതരമായ ഈ നിയമഭേദഗതി എന്നത്തേക്ക് നടത്താനാകും;

(സി) നിയമം ലംഘിച്ച് പോലീസ് നാട്ടിൽ അരാജകത്വം വർദ്ധിപ്പിക്കുന്നത് തടയാൻ വേറെ എന്തെങ്കിലും നിയമമാർഗ്ഗങ്ങൾ ആലോചനയിലുണ്ടോ;

(ഡി) എങ്കിൽ അത് എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) :

(എ) പോലീസ് ഉദ്യോഗസ്ഥർ നിയമലംഘനം നടത്തിയാൽ അത്തരക്കാർക്ക് എതിരെ വകുപ്പുതല ശിക്ഷാനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ ക്രൈം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തേണ്ടതായ സംഭവങ്ങളിൽ കുറ്റക്കാരായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്ത് കർശന നിയമ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഈ സാഹചര്യത്തിൽ ജനങ്ങൾക്ക് ഇതേ

LIBRARY ARCHIVES Kerala Legislative Assembly